## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യഹോവയോ ഹൃദയങ്ങളെ തൂക്കി നോക്കുന്നു. ദൈവത്തിന്റെ തുലാസിൽ ബാഹ്യമായ യാതൊന്നിനും സ്ഥാനമുണ്ടായിരിക്കയില്ല. നമ്മുടെ ഹൃദയത്തിനു മാത്രമേ സ്ഥാനമുണ്ടായിരിക്കുകയുള്ളു. വേഷവും പ്രകടനവും ഒന്നും അവിടെ പ്രശ്നമല്ല. അനേക വേഷഭക്തിക്കാർ ഇന്നുണ്ട്, അവർ കപടഭക്തിക്കാരാണ്. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരാണ്. സ്നേഹിതാ, നമ്മുടെ വേഷവും ഭാവവും ഒന്നും ദൈവത്തിന്റെ തുലാസിൽ നിലനിൽക്കയില്ലെന്ന് മനസ്സിലാക്കി ജീവിതത്തെ കൂടുതൽ നന്മകൾ പ്രവഹിപ്പിക്കുന്ന ഉറവിടമായി തീർക്കുവാൻ നമുക്ക് ഓരോരുത്തർക്കും ദൈവത്തിൽ ആശ്രയിച്ച്, പരിശ്രമിച്ച്, മുന്നോട്ടു പോകാം.

ഞാൻ കുറവില്ലാതിരിക്കുന്നതിന്റെ കാരണം, 'യഹോവ എന്റെ ഇടയനാകുന്നു' എന്നതാണ് ദാവീദ് പറയുന്നത്. നമുക്ക് ഓരോരുത്തർക്കും ഇങ്ങനെ പറയുവാൻ സാധിക്കേണം. യേശു ഇടയനല്ലാതിരിക്കുന്ന എല്ലാവരും ദൈവത്തിന്റെ തുലാസിൽ – സന്നിധിയിൽ – കുറവുള്ളവർ തന്നെയായിരിക്കും. കുറവുള്ളവരെല്ലാം ന്യായവിധിക്ക് യോഗ്യരാണ്. ഇപ്പോൾ തന്നെ, നമ്മെ പരിശോധിച്ച്, നേരായ പാതയിൽ സഞ്ചരിച്ച്, ദൈവത്തെ മഹത്വപ്പെടുത്തുവാൻ ശ്രമിക്കാം. ഇന്ന് ദൈവം നമ്മെ തൂക്കുവാനായി തുലാസ്സുമായി വരുന്നു എങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കും. നാം കുറവില്ലാത്തവരാണോ? യേശു നമ്മോടു കൂടെയുണ്ടോ? യേശു നമ്മുടെ യഥാർത്ഥ ഇടയനാണോ? നമുക്ക് ധൈര്യം ഉണ്ടാകണം, തുലാസിൽ ദൈവം എന്നെ ഇന്നു തൂക്കി നോക്കിയാൽ, ദാവീദിനൊടൊപ്പം എനിക്കും പറയാൻ കഴിയണം, 'എനിക്ക് കുറവുണ്ടാകയില്ല' എന്നും യേശു എന്റെ ഇടയനാണ്' എന്നും.

ഇപ്പോൾ തന്നെ മുഴങ്കാൽ മടക്കി പ്രാർത്ഥിച്ച് യേശുവിനെ ഇടയനും രക്ഷിതാവുമായി അംഗീകരിക്കുക. മറ്റൊന്നിലും ആശ്രയിക്കരുത്. 'പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു'. യഹോവയായ ഇടയൻ തന്റെ ആടുകളെ പച്ചയായ പുൽപ്പുറങ്ങളിൽ കിടത്തുന്ന വിലയേറിയ ശ്രേഷ്ഠമായ അനുഭവത്തെ നാം രുചിച്ചറിയണം. നമ്മുടെ നല്ല ഇടയനായ യേശുക്രിസ്തു തന്റെ ആടുകളായ നമ്മെ പച്ചയായ പുൽപ്പുറങ്ങളിൽ കിടത്തുന്നു എന്നു പറയുമ്പോൾ ആ പുൽപ്പുറങ്ങൾ സ്വഭാവികമായി ഉണ്ടായിവന്നതല്ല എന്നും ഇടയൻ വളരെയധികം അദ്ധ്വാനിച്ച് ഉണ്ടാക്കിയതാണെന്നും നാം മനസ്സിലാക്കണം.

തുടരും....